പദ്ധതിയുടെ ലക്ഷ്യം. ഇതുവഴി കർഷകന് പാലിന്റെ ഉല്പാദനച്ചെലവ് കുറയ്ക്കുവാനും പാലുൽപ്പാദന വർദ്ധനവ് കൈവരിക്കുവാനും സാധിക്കുന്നു. ഈ പദ്ധതിയിൽ 31-3-2015 വരെ മലബാർ മേഖലയിൽ 15213-ഉം തിരുവനന്തപുരം മേഖലയിൽ 13652-ഉം എറണാകുളം മേഖലയിൽ 14072-ഉം കാലികൾ ഉൾപ്പെട്ടിട്ടുണ്ട്.

വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റം എന്ന പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളുടെ രൂപീകരണം, പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരുജ്ജീവനം, ആധുനികവൽക്കരണം, സംഘങ്ങളെ ശാക്തീകരിക്കുക, കാര്യക്ഷമത കൈവരിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. 2013-14 വർഷത്തിൽ തുടങ്ങി രണ്ടുവർഷം കൊണ്ട് 196 ക്ഷീരസംഘങ്ങൾ രൂപീകരിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പ്രകാരം 31-03-2015 വരെ മലബാർ മേഖലയിൽ 36-ഉം, തിരുവനന്തപുരം മേഖലയിൽ 16-ഉം എറണാകുളം മേഖലയിൽ 19-ഉം സൊസൈറ്റികൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

(സി) മിൽമയുടെ മേഖലാ യൂണിയൻ തലത്തിൽ നാഷണൽ ഡയറി പ്ലാനിൽപ്പെട്ട പദ്ധതികളായ റേഷൻ ബാലൻസിംഗ് പ്രോഗ്രാമിന്റെയും വില്ലേജ്ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റത്തിന്റെയും നടത്തിപ്പിനായുള്ള നടപടികൾ 2013-14 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

പശുക്കളെ വാങ്ങുന്നതിനും ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ

52 (3254) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശുവളർത്തലിൽ താല്പര്യമുള്ള ക്ഷീര കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനും പശുക്കൾക്ക് ഷെഡ്ഡ് നിർമ്മിക്കുന്നതിനും ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ ചേർത്തല താലൂക്കിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചുവെന്നതിന്റെ പദ്ധതി ഇനം, പഞ്ചായത്ത്, അനുവദിച്ച വർഷം, ഗുണഭോക്താവിന്റെ വിലാസം, എത്ര തുക ലഭിച്ചു എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ക്ഷീര വികസനത്തെ ലക്ഷ്യമാക്കിയുള്ള ഈ പദ്ധതികളിലൂടെ ചേർത്തല താലൂക്കിൽ ഈ കാലയളവിൽ ഉണ്ടായ പശുക്കളുടെയും പാലിന്റെയും വർദ്ധനവ് എത്രയാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്ഷീരോൽപ്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും പുതിയ സംരംഭകരെയും ആകർഷിക്കുന്നതിനും പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരിൽ കാലി വളർത്തലിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുന്നതിനുംവേണ്ടി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ആവശ്യാധിഷ്ഠിത സഹായവും, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ ഇനങ്ങൾക്ക് ധനസഹായവും നൽകിവരുന്നു. കൂടാതെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, കണ്ണൂർ, എറണാകുളം ജില്ലകളിൽ സംയോജിക ക്ഷീരവികസന പരിപാടി നടപ്പിലാക്കുന്നു. കൂടാതെ പ്രാദേശികമായ ക്ഷീരഗ്രാമപദ്ധതിയും നടപ്പിലാക്കുന്നുണ്ട്. മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 വനിതകൾക്ക് പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ 300 കാലിത്തൊഴുത്തുകൾ നിർമ്മിച്ചു നൽകി. ഇതിനുപുറമെ എറണാകുളം, തൃശ്ശൂർ, കോട്ടയം ജില്ലകളുടെ കീഴിൽ 600 കാലിത്തൊഴുത്തുകൾ നിർമ്മിച്ചു നൽകുവാൻ സി.എം.പി. പദ്ധതിയുടെ കീഴിൽ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ പ്രതിവർഷം ക്ഷീരകർഷകരുടെ 3000 കിടാരികളെ ദത്തെടുത്ത് കാലിത്തീറ്റ ഉൾപ്പെടെ 50 ശതമാനം സബ്സിഡിയോടെ നൽകി വളർത്തി വരുന്നു. പ്രതിവർഷം 1000 കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് 5000 രൂപ വീതം ധനസഹായം നൽകുകയും യൂണിയനിൽ നിന്നും റിവോൾവിംഗ് ഫണ്ട് നൽകി ക്ഷീരസംഘങ്ങൾ വഴി പശുക്കളെ വാങ്ങുന്നതിനും മിൽമ, ബാങ്കുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവരുമായി സഹകരിച്ച് കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് വായ്പയും ലഭ്യമാക്കുന്നു.

തിരുവനന്തപുരം മേഖലാ യൂണിയൻ എൻ.പി.ഡി.ഡി. പദ്ധതി പ്രകാരം 190 കറവപ്പശുക്കളെ വാങ്ങുന്നതിനും 82 കാലിത്തൊഴുത്ത് നിർമ്മാണത്തിനുംവേണ്ടി 52.5 ലക്ഷം രൂപ സഹായം നൽകിയിട്ടുണ്ട്. ഇതുകൂടാതെ കാലിത്തൊഴുത്ത് നിർമ്മാണത്തിന് തിരുവനന്തപുരം ജില്ലയിൽ സി.എം.പി. പദ്ധതിയിൽ 11.25 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയിൽ ഐ.ഡി.ഡി.പി. പദ്ധതിപ്രകാരം 23.1 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പട്ടികജാതി

വിഭാഗത്തിന് കറവമൃഗങ്ങളെ വാങ്ങിയ ഇനത്തിൽ 2012-2013 മുതൽ 2015-16 വരെ 24.5 ലക്ഷം രൂപയും തിരുവനന്തപുരം മേഖലാ യൂണിയൻ മൊത്തത്തിൽ പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് കിടാരി വളർത്തൽ പദ്ധതിയിൽ കഴിഞ്ഞ 2 വർഷത്തിൽ 524.75 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്.

(ബി) ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട വിശദവിവരങ്ങളും* മിൽമയുമായി ബന്ധപ്പെട്ട വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) പശുക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

ഇനം	2011-12	2012-13	2013-14	2014-15
ഗോധനം(ഒരു പശു)	6	..	8	17
2 പശു യൂണിറ്റ്	10(5 യൂണിറ്റ്)	20(10 യൂണിറ്റ്)	24(12 യൂണിറ്റ്)	46(23 യൂണിറ്റ്)
5 പശു യൂണിറ്റ്	15(3 യൂണിറ്റ്)	20 (4 യൂണിറ്റ്)	25 (5 യൂണിറ്റ്)	25(5 യൂണിറ്റ്)
10 പശു യൂണിറ്റ്	10(1 യൂണിറ്റ്)	30 (3 യൂണിറ്റ്)	20 (2 യൂണിറ്റ്)	10(1 യൂണിറ്റ്)
30 കിടാരി യൂണിറ്റ്	30(1 യൂണിറ്റ്)	-	-	-
10 കിടാരി യൂണിറ്റ്	10(1 യൂണിറ്റ്)	10 (1 യൂണിറ്റ്)	10 (1 യൂണിറ്റ്)	30(3 യൂണിറ്റ്)
5 കിടാരി യൂണിറ്റ്	-	-	20 (4 യൂണിറ്റ്)	20(4 യൂണിറ്റ്)
പട്ടികജാതി ഡെയറി യൂണിറ്റ്	-	-	-	6 യൂണിറ്റ്
2 പശു യൂണിറ്റ്- എസ്.സി.എ. & എസ്.സി.പി.	-	-	-	3 യൂണിറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പാലളവ് വർദ്ധനവ്

വർഷം	പാലളവ് (ലി)	പ്രതിദിന പാലളവ് (ലി)	വർദ്ധനവ് (%)
2011-12	5812209	15923.86	2.8
2012-13	5987185	16403.24	3.5
2013-14	6401397	17538.07	5.2
2014-15	6649401	18217.53	7.4

മിൽമ നടപ്പിലാക്കുന്ന പദ്ധതികൾ മുഖേന തിരുവനന്തപുരം മേഖലാ യൂണിയൻ സംഭരിക്കുന്ന പാലിന്റെ അളവിൽ ചേർത്തല താലൂക്കിൽ പ്രതിദിനം ഏകദേശം 1000 ലിറ്റർ പാലിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

മിൽക്ക് ഷെഡ് വികസന പദ്ധതി

53 (3255) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-ബി) ക്ഷീരോൽപ്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും പുതിയ സംരംഭകരെയും ആകർഷിക്കുക, പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, കർഷകരിൽ കാലി വളർത്തലിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുക എന്നിവയാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പ്രസ്തുത പദ്ധതി മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധന സഹായവും, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ വിവിധ ഇനങ്ങൾക്ക് ധനസഹായവും നൽകിവരുന്നു. എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, കണ്ണൂർ, എറണാകുളം ജില്ലകളിൽ സംയോജിക ക്ഷീരവികസന പരിപാടിയും പ്രാദേശികമായി ക്ഷീരഗ്രാമപദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly